# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2581 — 06.12.2018–ൽ മറുപടിക്ക്

## സഹകരണ മേഖലയിലൂടെ സർക്കാർ സേവനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.പി.കെ. ശശി<br>ശ്രീ.വി. ജോയി<br>ശ്രീ.എം. രാജഗോപാലൻ | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജനകീയ സ്ഥാപനങ്ങളായ സഹകരണ പ്രസ്ഥാനത്തെ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിനായുള്ള ഏജൻസികളാക്കിത്തീർക്കുന്നതിന് പരിപാടിയുണ്ടോ; വിശദാംശം നൽകുമോ; | (എ) | നിലവിൽ സംസ്ഥാന സർക്കാരിന്റെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വീട്ടിൽ നേരിട്ടെത്തിക്കുന്ന പദ്ധതി, കെ.എസ്. ആർ.റ്റി.സിയുടെ പെൻഷൻ വിതരണ പദ്ധതി എന്നിവ സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനും കെ.എസ്.ആർ.ടി.സി. പെൻഷൻ സ്വന്തം ഫണ്ട് ഉപയോഗിച്ച് വായ്പയായി നൽകുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | സംസ്ഥാന സർക്കാരിന്റെ സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതി സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/സംഘങ്ങൾവഴി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് നൽകുന്ന പട്ടിക അനുസരിച്ചുള്ള ഗുണ ഭോക്താക്കൾക്ക് നേരിട്ട് വീട്ടിൽ എത്തിക്കുന്ന പദ്ധതി സഹകരണ വകുപ്പ് മുഖേനയാണ് നടപ്പാക്കുന്നത്.<br><br>മേൽ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന പെൻഷൻ തുക തദ്ദേശ സ്വയംഭരണ വകുപ്പ് ടി പദ്ധതിയ്ക്കായി ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ ആരംഭിച്ചിട്ടുള്ള ട്രഷറിയിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയും ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ പെൻഷൻ വിതരണം നടത്തുന്ന സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/ സംഘങ്ങൾക്ക് അവർ ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക നൽകുകയും തദ്ദേശ സ്വയംഭരണ വകുപ്പ് നൽകുന്ന പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് നേരിട്ട് വീട്ടിൽ ചെന്ന് ഇതിനായി ചുമതല നൽകിയിട്ടുള്ള സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ നൽകുകയാണ് ചെയ്തുവരുന്നത്. |

| | | | |
|---|---|---|---|
| | | | സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തികൾ അവലോകനം നടത്തുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ അദ്ധ്യക്ഷനായും അഡീഷണൽ രജിസ്ട്രാർ സംസ്ഥാനതല നോഡൽ ആഫീസറുമായുള്ള ഒരു മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.<br>ജില്ലാ തലത്തിലും താലൂക്ക് തലത്തിലും പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.<br>ധനകാര്യ വകുപ്പിന്റേയും തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട സർക്കുലർ നിർദ്ദേശങ്ങൾ സഹകരണ സ്ഥാപനങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നൽകിവരുന്നു.<br>സർക്കാർ ഉത്തരവ് നം.ജി.ഒ.(ആർ.റ്റി.) 102/18 സഹ തീയതി 19.02.2018 പ്രകാരം കെ.എസ്. ആർ.ടി.സി ജീവനക്കാരുടെ 2018 ഫെബ്രുവരി മുതൽ 2018 ജൂലൈ വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് ഉത്തരവാകുകയും സർക്കാരിന്റെ 17.08.2018-ലെ ജി.ഒ.(ആർ.റ്റി.) നം.516/18 സഹ ഉത്തരവ് പ്രകാരം ടി കൺസോർഷ്യത്തിന്റെ കാലാവധി മാർച്ച് 2019 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ടി ഉത്തരവുകൾ പ്രകാരം നിലവിലുണ്ടായിരുന്ന കുടിശ്ശിക ഉൾപ്പടെയുള്ള കെ.എസ്.ആർ.ടി.സി പെൻഷൻ ഫെബ്രുവരി 2018 മുതൽ നവംബർ 2018 വരെ പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖേന വിതരണം നടത്തിയിട്ടുണ്ട്. ഇതിനായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിന്നും 745 കോടി രൂപ ശേഖരിക്കുകയും 351.68 കോടി രൂപ സംഘങ്ങൾക്ക് 10% പലിശ ഉൾപ്പെടെ തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ബ്ലേഡ് പലിശ സംവിധാനം ഉന്മൂലനം ചെയ്യുന്നതിനും മൈക്രോഫിനാൻസ് | (സി) | ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ട |

| | | |
|---|---|---|
| | രംഗത്ത് നിലവിലുള്ള ദുഷ്പ്രവണതകൾ അവസാനിപ്പിക്കാനും ഉദ്ദേശിച്ചുള്ള മുറ്റത്തെ മുല്ല പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | നഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിയ്ക്കുകയും ജനങ്ങളിൽ കൂടുതൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ഗ്രാമീണലഘു വായ്പാ പദ്ധതിയായ "മുറ്റത്തെമുല്ല"<br><br>പദ്ധതി പ്രകാരം 1000/- രൂപ മുതൽ 25000/- രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽ നിന്നും 12% പലിശ(നൂറു രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/ വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാന പ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1000/- രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1120/- രൂപ തിരിച്ചടയ്ക്കണം.<br><br>വായ്പാ ആവശ്യക്കാരുടെ എണ്ണമനുസരിച്ച് ഓരോ വാർഡിലേയും ഒന്നുമുതൽ മൂന്നുവരെ കുടുംബശ്രീ യൂണിറ്റുകൾക്കാണ് വായ്പാ ചുമതല നൽകുക. കുടുംബശ്രീ അംഗങ്ങൾ അവരുടെ പ്രദേശത്തെ വായ്പാ ആവശ്യക്കാരുടെ വീട്ടിലെത്തി പണം നൽകും. ആഴ്ചതോറും വീടുകളിലെത്തി തിരിച്ചടവ് തുക സ്വീകരിക്കുകയും ചെയ്യും. വായ്പയുടെ തിരിച്ചടവ് ഉറപ്പു വരുത്തേണ്ടത് കുടുംബശ്രീ യൂണിറ്റുകളാണ്. ഇതിനായി കുടുംബശ്രീ യൂണിറ്റുകളും സഹകരണ സംഘങ്ങളും വായ്പാക്കാരനുമായി ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടേണ്ടതാണ്. വായ്പാതുക കുടിശ്ശിക വരുത്തിയാൽ വായ്പാക്കാരനും കുടുംബശ്രീ അംഗവും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കും. വായ്പാക്കാരിൽ |

| | | | |
|---|---|---|---|
| | | | നിന്നും തുക ഈടാക്കുവാൻ സംഘത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ അധികാരമുണ്ടായിരിക്കും. കുടിശ്ശിക വായ്പ മൊത്തം വായ്പയുടെ 20% ൽ അധികരിക്കുന്ന പക്ഷം കുടുംബശ്രീ യൂണിറ്റുകളുടെ ക്യാഷ് ക്രെഡിറ്റ് വായ്പാ പരിധി തുടർ വർഷങ്ങളിൽ പുതുക്കി നൽകില്ല.<br><br>പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിനായി സംഘം/ജില്ലാ/ സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കും. വിവിധ തലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കേണ്ട ചുമതല മോണിറ്ററിംഗ് കമ്മിറ്റിയ്ക്കാണ്. |
| (ഡി) | പ്രവാസി പുനരധിവാസത്തോടൊപ്പം നാടിന്റെ വികസനവും സാധ്യമാക്കുന്നതിന് രൂപീകരിക്കുന്ന പ്രവാസി ക്ഷേമ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് അറിയിക്കാമോ? | (ഡി) | സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിദേശപണമായും നിക്ഷേപങ്ങളായും സഹായം പ്രദാനം ചെയ്യുന്നതിലൂടെ ഒരു സുപ്രധാന പങ്കുവഹിക്കുന്ന പ്രവാസി മലയാളികൾ, പ്രവാസം അവസാനിപ്പിച്ച് നാട്ടിൽ മടങ്ങിയെത്തുന്നവർ, വിദേശത്ത് തൊഴിൽ തേടിപോകാൻ ആഗ്രഹിക്കുന്നവർ തുടങ്ങി ഒരു വിഭാഗം ജനങ്ങളുടെ ക്ഷേമത്തിനായിട്ടാണ് പ്രവാസി ക്ഷേമ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത്.<br><br>പ്രവാസി മലയാളികളുടെയും, ഗൾഫ് റിട്ടേണികൾ, വിദേശത്ത് തൊഴിൽ തേടിപ്പോകാൻ ആഗ്രഹിക്കുന്ന അഭ്യസ്ത വിദ്യരായവരുടെയും സാങ്കേതിക പരിശീലനം ലഭിച്ചവരുടെയും സ്കിൽഡ് ആൻഡ് അൺസ്കിൽഡ് തൊഴിലാളികളായ പ്രവാസികൾ എന്നിവരുടെ തൊഴിൽ സ്ഥിരത, വരുമാന വർദ്ധനവ്, തൊഴിൽ സുരക്ഷിതത്വം, സാമ്പത്തിക സഹായം, ആരോഗ്യ സംരക്ഷണം തുടങ്ങിയവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.<br><br>പ്രവാസികളായ അംഗങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ ക്ഷേമം, പാർപ്പിടം, പഠനം, തൊഴിൽ, വിവാഹം തുടങ്ങി ജീവിതത്തിന്റെ സമസ്തമേഖലകളിലും അഭിവൃദ്ധിക്കും പുരോഗതിക്കും ഉതകും വിധം വിവിധ തരം ക്ഷേമ |

| | | | |
|---|---|---|---|
| | | | പദ്ധതികളും പ്രോജക്ടുകളും നടപ്പിലാക്കുക, സംസ്ഥാനത്തിന് വിദേശ നാണ്യം നേടിത്തരുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, വിദേശത്ത് ജോലി തേടിപ്പോകുന്നവർക്കാവശ്യമായ സാമ്പത്തികവും സാങ്കേതികവും തൊഴിൽപരവും നിയമപരവുമായ സഹായങ്ങളും വിദഗ്ധ പരിശീലനവും നൽകുക, സർക്കാർ/ പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങൾ, ഇതര സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ബിസിനസ് ട്രേഡ് കൂട്ടായ്മകൾ, ഗ്ലോബൽ മീറ്റുകൾ, കാർഷിക ട്രേഡ് ഫെസ്റ്റുകൾ എന്നിവ നടത്തുക പ്രവാസികളുടെ മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനുള്ള പദ്ധതികളും സഹായങ്ങളും ലഭ്യമാക്കുക പ്രവാസ ജീവിതം മതിയാക്കി മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സ്വന്തമായി വസ്തു വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും ചെറുകിട വ്യാപാര വാണിജ്യ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായങ്ങളും ഇതര സഹായങ്ങളും ലഭ്യമാക്കുന്നതോടൊപ്പം അവരുടെ പുനരധിവാസത്തിനാവശ്യമായ നിയമപരമായ എല്ലാതരം പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കുക എന്നതാണ് പ്രവാസി ക്ഷേമ സഹകരണ സംഘങ്ങളുടെ പ്രധാന പ്രവർത്തനങ്ങൾ . |

(signature)

**സെക്ഷൻ ഓഫീസർ**